പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **5779**

28.03.2018 ൽ
മറുപടിയ്ക്ക്

## തമ്പാനൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

ചോദ്യം

ശ്രീ. വി.എസ്.ശിവകുമാർ

(എ) തിരുവനന്തപുരം തമ്പാനൂർ പോലീസ് സ്റ്റേഷന് വേണ്ടിയുള്ള പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പോലീസ് സ്റ്റേഷൻ മന്ദിരത്തിന്റെ നിർമ്മാണത്തിനായി എത്ര സെന്റ് ഭൂമിയാണ് ആഭ്യന്തരവകുപ്പിന് കൈമാറിയത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കെട്ടിടനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ?

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും (സി) യും തിരുവനന്തപുരം തമ്പാനൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തൈക്കാട് വില്ലേജിലുൾപ്പെട്ട 16.2 സെന്റ് സ്ഥലം കൈമാറുന്നതിന് സ.ഉ.(സാധാ) നം.680/2015/റവന്യൂ 17.12.2015 പ്രകാരം തത്വത്തിൽ അംഗീകരിച്ചിരുന്നു. എന്നാൽ മുൻ ഗവൺമെന്റിന്റെ കാലത്ത് തൈക്കാട് Fly Over- ന്റെ വീതി കൂട്ടുന്നത്, ടി സ്ഥലത്തിന്റെ രണ്ട് വശത്തുമുള്ള റോഡുകൾ വീതി കൂട്ടുന്നത്, ഓപ്പറേഷൻ അനന്തയുടെ ഓട ടി സ്ഥലത്തുകൂടെ കടന്ന് പോകുന്നത്, ടി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നത് തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ നിയമപ്രകാരം മാറ്റി വക്കേണ്ട സ്ഥലം ഒഴിവാക്കുമ്പോൾ ടി പോലീസ് സ്റ്റേഷൻ കെട്ടിടം പണികഴിപ്പിക്കുവാൻ ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ കെ.പി.എച്ച്.സി.സി ക്ക് നാളിതു വരെ ടി കെട്ടിടത്തിന്റെ പണി തുടങ്ങാൻ സാധിച്ചിട്ടില്ലാത്തതാണ്. ഈ സർക്കാർ വന്നശേഷം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, നിയമപ്രകാരം മാറ്റിവക്കേണ്ട

സ്ഥലവും മറ്റും ഒഴിവാക്കിയശേഷം ലഭ്യമാകുന്ന സ്ഥലത്ത് ടി കെട്ടിടം നിർമ്മിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്, പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തമ്പാനൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്ന-തിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലമനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ റീസർവ്വേ നം.26-ൽപ്പെട്ട 16.2 സെന്റ് ഭൂമിയിൽ പോലീസ് വകുപ്പിന് തമ്പാനൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകിയ തിരുവനന്തപുരം ജില്ലാകളക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (യു) വകുപ്പ്

സ.ഉ. (എം.എസ്) നം. 680/2015/റവന്യൂ തീയതി, തിരുവനന്തപുരം, 17-12-2015

പരാമർശം:- 1 തിരുവനന്തപുരം ജില്ലാകളക്ടറുടെ 09.06.2015-ലെ ബി2-6024/2010 നമ്പർ നടപടിക്രമം.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ ബ്ലോക്ക് നം 109-ൽ റീസർവ്വേ നം.26-ൽപ്പെട്ട 16.2 സെന്റ് ഭൂമിയിൽ തമ്പാനൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകിയ പരാമർശം(1)-ലെ തിരുവനന്തപുരം ജില്ലാകളക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ടും പ്രസ്തുത ഭൂമി തമ്പാനൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിന് കൈമാറുന്ന വിഷയത്തിന് തത്വത്തിൽ അംഗീകാരം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) ഇത് സംബന്ധിച്ച വിശദമായ ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

3) തിരുവനന്തപുരം ജില്ലാകളക്ടർ ഇത് സംബന്ധിച്ച ഭൂമി കൈമാറ്റനിർദേശം ബന്ധപ്പെട്ട എല്ലാ രേഖകളും സഹിതം ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി.വി.വിജയകുമാർ
അഡീഷണൽ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാകളക്ടർ, തിരുവനന്തപുരം
അസിസ്റ്റന്റ് കമ്മീഷണർ(എൽ എ), ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,തിരുവനന്തപുരം.
തഹസിൽദാർ, തിരുവനന്തപുരം
ആഭ്യന്തര (ഇ)വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ